(സി) ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ വികസനസമിതിയിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(സി,ഡി) മംഗലം ഡാം പഞ്ചായത്ത് ഉയർത്തുന്ന കാര്യം സെൻട്രൽ വാട്ടർ കമ്മീഷനോട് ആലോചിക്കുകയുണ്ടായി. ഡാമിന്റെ സ്പിൽവേ കപ്പാസിറ്റി കൂട്ടണമെന്നാണ് സെൻട്രൽ വാട്ടർ കമ്മീഷന്റെ അഭിപ്രായം. ഡാം ഉയർത്തുന്നതിനുള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷനു അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. പ്രോജക്ട് റിപ്പോർട്ടിന് സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരം ലഭിച്ചശേഷമേ ഇക്കാര്യത്തിൽ മേൽ നടപടി സാദ്ധ്യമാകുകയുള്ളൂ.

ജല അതോറിറ്റിയിൽ നിർത്തലാക്കുന്നതിന് തീരുമാനിച്ച തസ്തികകൾ

909. [1345] ശ്രീ. കെ. ശങ്കരനാരായണ പിള്ള :

,, എ. കെ. ശശീന്ദ്രൻ :

,, എ. വി. താമരാക്ഷൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജല അതോറിറ്റിയിൽ ഏതെങ്കിലും തസ്തിക നിർത്തലാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; എന്നു മുതൽ ;

(സി) എന്നു മുതലാണ് ഈ തസ്തികകൾ നിർത്തലാക്കിയത് ;

(ഡി) ഈ തസ്തികകൾ നിറുത്തലാക്കാൻ കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. അഡ്വൈസർ—1
2. ഫൈനാൻസ് അഡ്വൈസർ—1
3. പി. എ. റ്റു. ചെയർമാൻ—1
4. പി. എസ്. റ്റു. ചെയർമാൻ—1
5. കോസ്റ്റ് അക്കൗണ്ടന്റ്—1
6. പബ്ലിക് റിലേഷൻസ് ആഫീസർ—1

(സി) അഡ്വൈസർ തസ്തിക 31-8-1986-മുതൽ നിർത്തലാക്കികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടു മുതൽ 6 വരെയുള്ള തസ്തികകൾ നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവുകൾ താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതോറിറ്റിയുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ബാദ്ധ്യത കം നിയന്ത്രിക്കുന്നതിന് കർശനമായ സാമ്പത്തികഅച്ചടക്കം പാലി ക്കേണ്ടതിന്റെ മുന്നോടിയായിട്ടാണ് അടിയന്തിരാവശ്യമില്ലാത്ത തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചത് .

കടുത്തുരുത്തി പഞ്ചായത്തിലെ വാട്ടർടാങ്കിന്റെ പണി

910. [1346] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കടുത്തുരുത്തി പഞ്ചായത്തിൽ നിലവിലുള്ള വാട്ടർ ടാങ്കിന്റെ വലുപ്പം മതിയാകാത്തതിനാൽ വലുപ്പമുള്ള ഒരു ടാങ്ക് പണിയുന്നതി നുള്ള നടപടി എടുക്കുമോ ;

(ബി) ഇതിന്റെ പണി ഉടനെ ആരംഭിക്കുമോ ;

(സി) കടുത്തുരുത്തി പഞ്ചായത്തിൽപ്പെട്ട പുതുശ്ശേരിക്കരയിലും കൊടികുത്തിയിലും മാന്നാർ കൊരക്കാലയിലും തത്തപള്ളിയിലും കുഴൽ കിണർ നീർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തി മാർക്ക് ചെയ്തെങ്കിലും കിണറിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിയശേഷം നടപടി എടുക്കുന്നതാണ്.

(സി) ഈ കുഴൽ കിണറുകളുടെ ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ തീർപ്പ് കൽപ്പിച്ച ഉടൻ പണി തുടങ്ങുന്നതാണ്.

ചുള്ളിത്തോടു പദ്ധതി

911. [1347] ശ്രീ പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി വില്ലേജിലെ ചുള്ളിത്തോടു പദ്ധതി നടപ്പിലാ ക്കുന്നതിനുള്ള തടസ്സമെന്താണ് ;

(ബി) ടി പദ്ധതിയുടെ ഭാഗമായി ബോട്ട്ബേസിൽ നിർമ്മിക്കുന്ന തിനും നിലവിലുള്ള തോട് താഴ്ത്തുന്നതിനുമായി ഒരു വർഷം മുൻപ് ടെൻഡർ ചെയ്തെങ്കിലും ഇതുവരെ പണി ആരംഭിക്കാത്തതിന്റെ കാരണം എന്ത് ;

(സി) പ്രസ്തുത പദ്ധതിയുടെ മേജർ ഭാഗമായ പുതിയ തോടു വെട്ടുക, പാലം നിർമ്മിക്കുക തുടങ്ങിയ പണികൾ കഴിവതുംവേഗം നടപ്പിലാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. റയിൽവേയുടെ അനുവാദം കൂടി കിട്ടിയാൽ എസ്റ്റിമേറ്റ് അംഗീകരിക്കു ന്നതാണ്.

(ബി) ഉടനെ ആരംഭിക്കുന്നതാണ്.

(സി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly